ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ഇല്ല.

(ബി&സി) ഇല്ല. എന്നാൽ കേന്ദ്ര ഉപഭോക്തൃകാര്യ ഭക്ഷ്യ പൊതുവിതരണ മന്ത്രാലയത്തിന്റെ 12-6-2014-ലെ 16-19/2013-Py. I നമ്പർ കത്ത് പ്രകാരം താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ നെല്ല്, ഗോതമ്പ് എന്നിവയുടെ സംഭരണത്തിനായി ബോണസ് പ്രഖ്യാപിക്കുന്നത് പ്രോത്സാഹനാർഹമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.*

ഹിൽ ഹൈവേ പ്രോജക്ട്

4 (*394) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ;

(ബി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പ് മന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനും കാർഷിക വിഭവങ്ങളുടെ വിപണനത്തിനും ഉതകുന്ന രീതിയിൽ പരമാവധി നിലവിലുള്ള പാതകളെ വികസിപ്പിച്ച് സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുക എന്നതാണ് ഹിൽ ഹൈവേയുടെ ലക്ഷ്യം. ആദിവാസി മേഖലകളുടേയും, പിന്നാക്ക പ്രദേശങ്ങളുടെയും വികസനവും ഇത് ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 10-6-2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 801/15/പൊ.മ.വ. പ്രകാരം, ഹിൽ ഹൈവേ പദ്ധതി, സർക്കാരിന്റെ District Flagship Infrastructure Projects (DFIP)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി കണ്ണൂർ ജില്ലയിലെ ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് (59.415 km) റോഡിനും കാസർഗോഡ് ജില്ലയിലെ നന്ദാരപടവ്-ചെറുപുഴ റോഡിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നത് NATPAC-ഉം, പ്രവൃത്തിക്ക് ഫണ്ട് സ്വരൂപിക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡുമാണ്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് വിഭാഗമാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് DFIP-യിൽ ഉൾപ്പെടുത്തുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേയുടെ ഭാഗമാകുന്ന കുമൻതോട് മുതൽ ആറളം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

അറബിക് സർവ്വകലാശാല

5 (*395) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബിക് സർവ്വകലാശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനാവശ്യമായ ഫണ്ട് എവിടെ നിന്നാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കാമോ ; കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly